നം. 20/2017/SRG/CC

**വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോർഡിനേഷൻ കമ്മിറ്റിയുടെ 26.04.17 ൽ കൂടിയ യോഗത്തിന്റെ നടപടി വിവരം**

**യോഗം രാവിലെ 11.00 ന് നിയമസഭാ കോംപ്ലക്സിലെ ഹാൾ നമ്പർ 610– ൽ ആരംഭിച്ചു.**

**ബഹു. തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി യോഗത്തിൽ അദ്ധ്യക്ഷത വഹിച്ചു. യോഗത്തിൽ പങ്കെടുത്തവരുടെ വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.**

**1 12.04.2017 – ലെ കോർഡിനേഷൻ കമ്മിറ്റി തീരുമാനത്തിന്മേൽ വിവിധ വകുപ്പുകൾ സ്വീകരിച്ച തുടർ നടപടികൾ യോഗം ചർച്ച ചെയ്യുകയും താഴെപ്പറയും പ്രകാരം തീരുമാനമെടുക്കുകയും ചെയ്തു.**

1.1 **<u>ഇൻഫർമേഷൻ കേരള മിഷൻ</u>**

1.1.1 ഐ.കെ.എം സോഫ്റ്റ് വെയറിൽ താഴെ പറയുന്ന ക്രമീകരണങ്ങൾ വരുത്തണമെന്ന് 12.04.2017 ലെ കോർഡിനേഷൻ കമ്മിറ്റിയിൽ തീരുമാനിച്ചിരുന്നുവെങ്കിലും ഇക്കാര്യത്തിൽ വേണ്ടത്ര പുരോഗതി ഉണ്ടായിട്ടില്ലെന്ന് കോർഡിനേഷൻ കമ്മിറ്റി നിരീക്ഷിച്ചു. 05.05.2017 നു മുമ്പായി പദ്ധതികൾ അംഗീകരിക്കണമെന്ന് നിർദ്ദേശം നൽകിയിട്ടുള്ള കാര്യം യോഗത്തിൽ ആവർത്തിച്ചു വ്യക്തമാക്കി. സോഫ്റ്റ് വെയർ ക്രമീകരിക്കാത്തതിന്റെ പേരിൽ പദ്ധതികളുടെ അംഗീകാരം വൈകുന്നത് ഖേദകരമാണ്. പ്രത്യേകിച്ച് ഈ വർഷം ബഹു.മുഖ്യമന്ത്രിയുടെ നിർദ്ദേശമനുസരിച്ച് 2017 ഡിസംബർ 31 നു മുമ്പായി 70% എങ്കിലും പദ്ധതി നിർവ്വഹണം നടക്കേണ്ടതുണ്ട്. ആയതിനാൽ ഈ ക്രമീകരണങ്ങൾ യുദ്ധകാലാടിസ്ഥാനത്തിൽ നടപ്പാക്കാൻ ഐ.കെ.എം. പ്രോജക്ട് മാനേജറായ അനീഷ്. എ യുടെ നേതൃത്വത്തിൽ റീജ.എസ്, റീജ.ആർ, ഷിജി. എസ്, സുസ്മിത ബി.എസ് എന്നിവരെ ഉൾപ്പെടുത്തി ഒരു ടീമിനെ രൂപീകരിച്ചു.ഐ.കെ.എം. സോഫ്റ്റ് വെയറിൽ നടത്തേണ്ട ക്രമീകരണങ്ങൾ അടിയന്തിരമായി പൂർത്തിയാക്കണമെന്ന് കോർഡിനേഷൻ കമ്മിറ്റി തീരുമാനിച്ചു. ഐ.കെ.എം. എക്സിക്യൂട്ടീവ് ഡയറക്ടർ ഇതിന്മേൽ അടിയന്തിര നടപടി സ്വീകരിക്കണം. താഴെ പറയുന്നവയാണ് അടിയന്തിരമായി നടത്തേണ്ട ക്രമീകരണങ്ങൾ.

1.1.2 ഓരോ മേഖലയ്ക്കും (ഉദാ: വനിതാ ഘടക പദ്ധതി, ഉല്പാദന മേഖല) വേണ്ട വാലിഡേഷൻ ക്രമപ്പെടുത്തി ഈ മേഖലകൾക്ക് വകയിരുത്തേണ്ട തുക നിശ്ചയിച്ചു നൽകുന്ന പ്രക്രിയ – ഇത് 29.04.2017–നു മുൻപ് പൂർത്തിയാക്കണം.

1.1.3 പ്രോജക്ടുകളുടെ എൻട്രി നടത്താൻ ക്രമീകരണം – പദ്ധതി രേഖയിൽ കൂടി ഉൾപ്പെടുത്തത്തക്ക രീതിയിൽ ഓരോ പ്രോജക്ടിനേയും സംബന്ധിച്ച ലഘു വിവരണം അടക്കം – 29.04.2017–നു മുൻപ് പൂർത്തിയാക്കണം.

1.1.4 പദ്ധതിരേഖ പരിശോധന സംബന്ധിച്ച് – പദ്ധതിരേഖയോടൊപ്പം വേണ്ട അനുബന്ധരേഖകളും ഫോറങ്ങളും ലഭ്യമാക്കൽ – 29.04.2017–നു മുൻപ് പൂർത്തിയാക്കണം.

1.1.5 വാർഷിക പദ്ധതിയും പ്രോജക്ടുകളും ജില്ലാ ആസൂത്രണ സമിതി അംഗീകരിച്ചതിനുശേഷം നൽകേണ്ട ജില്ലാ കളക്ടറുടെ നടപടിക്രമം – 05.05.2017–നു മുൻപ് പൂർത്തിയാക്കണം.

1.1.6 പ്രോജക്ട് വെറ്റിംഗ് സംബന്ധിച്ച് – 05.05.2017–നു മുമ്പ്

1.1.7 പദ്ധതി പുരോഗതി റിപ്പോർട്ടിൽ വരുത്തേണ്ട മാറ്റങ്ങൾ – 29.04.2017 നു മുൻപ്

(a) ഇപ്പോൾ സുലേഖ സോഫ്റ്റ് വെയറിൽ ആകെ ചെലവ് മാത്രമാണ് കാണിക്കുന്നത്. ഈ രീതിയിൽ മാറ്റം വരുത്തി ഓരോ മാസത്തെ ചെലവും, ആകെ ചെലവും കാണാൻ കഴിയണം.

(നടപടി – എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം)

(b) തദ്ദേശഭരണ സ്ഥാപനങ്ങളുടെ പദ്ധതി പുരോഗതി റിപ്പോർട്ട് എല്ലാ സൈറ്റിലും ഏകീകരിച്ച രീതിയിലായിരിക്കണം.

(നടപടി – എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം)

(c) സ്പിൽഓവർ പ്രോജക്ടുകളുടെ ചെലവ് പ്രത്യേകമായി കാണാൻ കഴിയുന്ന രീതിയിൽ ആയിരിക്കണം– 29.04.2017–നു മുൻപ്

(നടപടി – എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം)

1.1.8 നിർവഹണ ഉദ്യോഗസ്ഥർക്ക് 'സാംഖ്യ' വഴി റിക്വസിഷൻ നൽകാനുള്ള സൗകര്യം ഒരുക്കൽ– 15.05.2017–നു മുൻപ്

(നടപടി – എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം)

1.1.9 സുലേഖയിൽ ഒരു പ്രോജക്ട് ഡാറ്റാഎൻട്രി നടത്തുമ്പോൾ ഈ പ്രോജക്റ്റ് സാങ്കേതികാനുമതി ആവശ്യമുള്ളതാണോ എന്ന് രേഖപ്പെടുത്താൻ കൂടി സൗകര്യമൊരുക്കൽ –

29.04.2017 നു മുമ്പ്

(നടപടി – എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം)

1.1.10 ഓരോ പ്രോജക്ടും പൂർത്തിയായാൽ ആസ്തി രജിസ്റ്ററിൽ (സചിത്ര സോഫ്റ്റ് വെയർ) ചേർത്തുമാത്രം റിക്വസിഷൻ നൽകാൻ കഴിയുന്ന രീതി ഒരുക്കൽ–31.05.2017നു മുമ്പ്

1.1.11 മുൻവർഷത്തെ തനതു ഫണ്ട് ചെലവും ഈ വർഷത്തെ തനതുഫണ്ടു വകയിരുത്തലും സംബന്ധിച്ച പരിശോധന സുലേഖ സോഫ്റ്റ് വെയറിലൂടെ ജില്ലാ പ്ലാനിംഗ് ഓഫീസിൽ തന്നെ നടത്താനുള്ള ക്രമീകരണം– 15.05.2017 നു മുമ്പ്.

1.1.12 ഇതു കൂടാതെ എസ്.ആർ.ജി.യിൽ നിന്നു നൽകിയ കുറിപ്പ് പ്രകാരം നടത്തേണ്ട ക്രമീകരണങ്ങൾ 29.04.17 നു മുമ്പ് ചെയ്യണം.

**1.2 ആസൂത്രണ മാർഗരേഖപ്രകാരം ജില്ലാതലത്തിൽ രൂപീകരിക്കേണ്ട വിവിധ കമ്മിറ്റികൾ**

1.2.1 ആലപ്പുഴ ജില്ലയിൽ ഒഴിച്ച് മറ്റു ജില്ലകളിൽ കമ്മിറ്റികൾ രൂപീകരിച്ചു എന്ന് സ്റ്റേറ്റ് പ്ലാനിംഗ് ബോർഡ് വികേന്ദ്രീകൃതാസൂത്രണ ഡിവിഷൻ ചീഫ് അറിയിച്ചു.

a. ജില്ലാ തല അപ്പീൽ കമ്മിറ്റി
b. നൂതനപ്രോജക്ടുകൾ പരിശോധിക്കുന്നതിനുള്ള കമ്മിറ്റി
c. ജില്ലാതല നിരീക്ഷണ കമ്മിറ്റി

1.2.2 ജില്ലാതലത്തിൽ നിശ്ചയിക്കേണ്ട യൂണിറ്റ് നിരക്കുകൾ എല്ലാ ജില്ലയിലും ആയിട്ടുണ്ട്.

**1.3. പദ്ധതി രൂപീകരണം സംബന്ധിച്ച അവലോകന റിപ്പോർട്ട് കോഓർഡിനേഷൻ കമ്മിറ്റിയിൽ അവതരിപ്പിച്ചുവെങ്കിലും വിശദമായ റിപ്പോർട്ട് സമർപ്പിക്കപ്പെട്ടിട്ടില്ല.**

1.3.1 താഴെപ്പറയുന്ന വിഷയങ്ങൾ പ്രത്യേകമായി അവലോകനം നടത്താനും അതിന്മേൽ വിശദമായ റിപ്പോർട്ട് സമർപ്പിക്കാനും ബന്ധപ്പെട്ട വകുപ്പുമേധാവികൾക്ക് നിർദ്ദേശം നൽകി.

**<u>അവലോകനം നടത്തേണ്ട വിഷയങ്ങൾ</u>**

(A) ഗ്രാമസഭായോഗങ്ങൾ
(B) പ്രോജക്ട് തയ്യാറാക്കൽ – വർക്കിംഗ് ഗ്രൂപ്പ് യോഗങ്ങൾ
(C) സ്റ്റാറ്റസ് റിപ്പോർട്ട് തയ്യാറാക്കൽ – ക്രോഡീകരണം
(D) വികസനരേഖ തയ്യാറാക്കൽ
(E) വികസന സെമിനാറുകൾ
(F) പ്രോജക്ട് എഴുതി തയ്യാറാക്കലും – ഡാറ്റാഎൻട്രിയും
(G) പ്രോജക്ടുകളും പദ്ധതിരേഖയും ഡി.പി.സി.യ്ക്കു സമർപ്പിക്കൽ

(നടപടി – 1. പഞ്ചായത്ത് ഡയറക്ടർ, 2. നഗരകാര്യ ഡയറക്ടർ,
3. ഗ്രാമവികസന കമ്മീഷണർ)

1.4 02.04.2017 മുതൽ 09.04.2017 വരെയുള്ള ദിവസങ്ങളിൽ പദ്ധതി ആസൂത്രണഗ്രാമസഭ/ വാർഡ്സഭ കൂടണമെന്നായിരുന്നു സർക്കാർ നിർദ്ദേശം. എന്നാൽ മുൻ നിർദ്ദേശപ്രകാരം ചില തദ്ദേശഭരണ സ്ഥാപനങ്ങൾ നേരത്തെതന്നെ ഗ്രാമ/വാർഡ് സഭകൾ കൂടി. ഇത്തരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഇനിയും ഗ്രാമസഭകൂടേണ്ടതുണ്ടോ എന്ന് അറിയിക്കണമെന്ന് പല തദ്ദേശഭരണ സ്ഥാപനങ്ങളും ആവശ്യപ്പെട്ടിരുന്നു.

**<u>തീരുമാനം</u>** – ഇത്തരം തദ്ദേശഭരണ സ്ഥാപനങ്ങൾ ഇനിയും പദ്ധതി ആസൂത്രണത്തിന് പ്രത്യേക ഗ്രാമ/വാർഡ് സഭ ഈ വർഷം കൂടേണ്ടതില്ല

(നടപടി – തദ്ദേശസ്വയംഭരണ വകുപ്പ്)

2. **<u>പൊതുവിഷയങ്ങൾ</u>**

2.1 ചിലതദ്ദേശഭരണ സ്ഥാപനങ്ങളുടെ വികസന ഫണ്ടിന്റെ മേഖലാ വിഭജനത്തിന്റെ വാലിഡേഷൻ പോയിട്ടുണ്ട്. ഇത് ക്രമീകരിക്കാൻ സുലേഖാ സോഫ്റ്റ് വെയറിൽ സൗകര്യമൊരുക്കണമെന്ന് തദ്ദേശഭരണ സ്ഥാപനങ്ങൾ ആവശ്യപ്പെട്ടിട്ടുണ്ട്.

**<u>തീരുമാനം</u>**–വാലിഡേഷൻ ക്രമപ്പെടുത്തേണ്ട തദ്ദേശഭരണ സ്ഥാപനങ്ങൾക്കുമാത്രം സുലേഖ സോഫ്റ്റ് വെയറിൽ ഇതിനായി ക്രമീകരണങ്ങൾ നടത്താൻ തീരുമാനിച്ചു. ഇതിനുവേണ്ട നടപടി ഇന്നുതന്നെ ഐ.കെ.എം. ഡയറക്ടർ സ്വീകരിക്കണം. ഈ തദ്ദേശഭരണ സ്ഥാനപങ്ങളുടെ ലിസ്റ്റ് എസ്.ആർ.ജി.യിലേയ്ക്കും സ്റ്റേറ്റ് പ്ലാനിംഗ് ബോർഡ് വികേന്ദ്രീകൃതാസൂത്രണ ചീഫിനും 27. 04.17 ന്റ തന്നെ നൽകണം. ഇപ്രകാരം വാലിഡേഷൻ ക്രമപ്പെടുത്തുമ്പോൾ പുതിയ പ്രോജക്ടുകൾ എടുക്കാവുന്നതല്ല. ഈ ക്രമപ്പെടുത്തലുകൾക്ക് അംഗീകാരം നൽകുന്നതിന് പ്രത്യേക ഡി.പി.സി. കൂടേണ്ടതാണ്.

(നടപടി– 1. എക്സിക്യൂട്ടീവ് ഡയറക്ടർ ഐ.കെ.എം
2. തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്
3.ചീഫ് വികേന്ദ്രീകൃതാസൂത്രണ വിഭാഗം)

2.2 ജനകീയാസൂത്രണ പദ്ധതിയുമായി ബന്ധപ്പെട്ട ഓരോ ജില്ലയിലും സന്നദ്ധ പ്രവർത്തകരായ റിസോഴ്സ് പേഴ്സൺമാർ ഉണ്ട്. കില നടത്തുന്ന പരിശീലനത്തിന്റെ ഭാഗമായി പ്രവർത്തിക്കുമ്പോൾ ഇവർക്ക് റ്റി.എ/ഓണറേറിയം നൽകുന്നുണ്ട്. ഇതുകൂടാതെ ഇവർ തദ്ദേശഭരണ സ്ഥാപനങ്ങളുടെ ആസൂത്രണ /നിർവ്വഹണ പരിപാടികളിലും സഹായിക്കാറുണ്ട്. ഇത്തരം അവസരങ്ങളിൽ ഇവർക്ക് റ്റി.എയും മറ്റും നൽകാറില്ല. ഇവർക്ക് റ്റി.എ നൽകുന്നതിന് താഴെ പറയും പ്രകാരം തീരുമാനമെടുത്തു.

2.2.1 റിസോഴ്സ് പേഴ്സൺമാർ പദ്ധതി ആസൂത്രണത്തിന്റെ ഭാഗമായി തദ്ദേശ ഭരണ സ്ഥാപനങ്ങളിൽ സേവനം നടത്തുന്ന ദിവസങ്ങളിൽ റ്റി.എ. നൽകുന്നതിന് തദ്ദേശഭരണ സ്ഥാപനങ്ങളുടെ പദ്ധതി ആസൂത്രണ /മോണിറ്ററിംഗ് വിഹിതത്തിൽ നിന്ന് തുക നൽകുന്നതിന് അനുമതി നൽകുന്നു.

2.2.2 ജില്ലാ തലത്തിൽ മറ്റു പ്രവർത്തനങ്ങളിൽ റിസോഴ്സ് പേഴ്സൺമാരുടെ സേവനം ഉപയോഗപ്പെടുത്തുകയാണെങ്കിൽ അതിനുള്ള റ്റി.എ. ജില്ലാ പ്ലാനിംഗ് ഓഫീസറുടെ ശുപാർശയോടെ കിലയിൽ നിന്നു നൽകാവുന്നതാണ്.

2.2.3 ജില്ലാ ആസൂത്രണസമിതിയിലെ സർക്കാർ നോമിനിക്ക് ഡി.പി.സി. യോഗത്തിൽ ഹാജരാകുന്നതിനുള്ള റ്റി.എ മാത്രമാണ് ജില്ലാ പ്ലാനിംഗ് ഓഫീസിൽ നിന്ന് നൽകുന്നത്. മറ്റു പരിപാടികളിൽ പങ്കെടുക്കുമ്പോൾ റ്റി.എ നൽകുന്നതിന് മുകളിൽ പറഞ്ഞരീതി അവലംബിക്കാവുന്നതാണ്.

2.2.4 റ്റി.എ തുക എത്രയെന്ന് നിശ്ചയിക്കാൻ കില ഡയറക്ടറെ ചുമതലപ്പെടുത്തി.

(നടപടി – ഡയറക്ടർ, കില)

2.3 കോർഡിനേഷൻ കമ്മിറ്റി 2017 ഏപ്രിൽ, മെയ് , ജൂൺ എന്നീ മാസങ്ങളിൽ കൂടുവാൻ നിശ്ചയിച്ചിരിക്കുന്ന തീയതികൾ നേരത്തെ തന്നെ അറിയിച്ചിട്ടുണ്ട്. അതിനാൽ കോർഡിനേഷൻ കമ്മിറ്റിയിൽ പങ്കെടുക്കേണ്ട ഉദ്യോഗസ്ഥർ മറ്റു പരിപാടികൾ ഈ ദിവസങ്ങളിൽ നിശ്ചയിക്കരുത്. ഉദ്യോഗസ്ഥർ കൃത്യമായി കോർഡിനേഷൻ കമ്മിറ്റിയിൽ പങ്കെടുക്കണം. മെയ്, ജൂൺ മാസങ്ങളിൽ താഴെപ്പറയുന്ന ദിവസങ്ങളിലാണ് കോർഡിനേഷൻ കമ്മിറ്റി കൂടുന്നത്

2017 മെയ് മാസം 10, 24 തീയതികളിൽ

2017ജൂൺ മാസം 7, 21 തീയതികളിൽ

(നടപടി – എല്ലാ വകുപ്പ് അദ്ധ്യക്ഷന്മാരും)

2.4. കോർഡിനേഷൻ കമ്മിറ്റിയിൽ പരിഗണിക്കേണ്ട വിഷയങ്ങൾ 7 ദിവസം മുൻപ് എങ്കിലും നൽകേണ്ടതാണ്.

(നടപടി – തദ്ദേശസ്വയംഭരണവകുപ്പ / എസ്.ആർ.ജി)

2.5 ചില തദ്ദേശഭരണ സ്ഥാപനങ്ങളിൽ സ്പിൽ ഓവർ പ്രോജക്ടുകളുടെ തുക കൂടി നൽകിയതിനാൽ നൂറു ശതമാനത്തിലധികം ചെലവായി. ഈ തദ്ദേശഭരണ സ്ഥാപനങ്ങളുടെ വാലിഡേഷൻ പിന്നീടു ക്രമീകരിക്കും. ഏതൊക്കെ തദ്ദേശഭരണ സ്ഥാപനങ്ങളാണ് 100 ശതമാനത്തിലധികം ചെലവഴിച്ചതെന്ന് റിപ്പോർട്ട് നൽകാൻ ഐ.കെ.എം. എക്സിക്യൂട്ടീവ് ഡയറക്ടറെ ചുമതലപ്പെടുത്തി.

(നടപടി– എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം)

2.6 ജനകീയാസൂത്രണ പരിപാടിയുടെ സഹായസംവിധാനമെന്ന നിലയിൽ എല്ലാ ജില്ലകളിലും മുൻകാല പരിചയസമ്പന്നരായ സന്നദ്ധ പ്രവർത്തകരുടെ ഒരു ടീമിനെ കണ്ടെത്തിയിട്ടുണ്ട്. ഇവരുടെ പ്രവർത്തനം ഏകോപിപ്പിക്കുന്നതിനുവേണ്ടി ഓരോ ജില്ലയിലും കോ ഓർഡിനേറ്ററെ നിശ്ചയിക്കാൻ തീരുമാനിച്ചു. ഇതിനായി പരിചയ സമ്പന്നരെ കണ്ടെത്താൻ എസ്.ആർ.ജി. യെ ചുമതലപ്പെടുത്തി.

(നടപടി – എസ്.ആർ.ജി)

## 3. <u>മറ്റ് വിഷയങ്ങൾ</u>

### 3.1 <u>കേരള സംസ്ഥാന വെയർഹൗസിംഗ് കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടറുടെ 10.04.2017 ലെ KSWC/1&4.C/2017-18/06-ാം നമ്പർ കത്ത്.</u>

തദ്ദേശഭരണ സ്ഥാപനങ്ങളുടെ എല്ലാ കെട്ടിടങ്ങൾക്കും കീട/ചിതൽ നശീകരണ പ്രക്രിയ നടത്തണമെന്നും ഈ പ്രവർത്തികൾ നടത്തുന്നതിന് കേരള സംസ്ഥാന വെയർഹൗസിംഗ് കോർപ്പറേഷനെഏല്പിക്കണമെന്നതും സംബന്ധിച്ച്.

**<u>തീരുമാനം</u>** – വകുപ്പുതലത്തിൽ തീരുമാനമെടുക്കേണ്ടതാണ്.

(നടപടി – തദ്ദേശസ്വയംഭരണ (ഡിഎ1) വകുപ്പ് )

### 3.2 <u>കൊല്ലം ജില്ലാകളക്ടറുടെ 21.04.2017-ലെ 66/17/DPC/DPO/KLM നമ്പർ കത്ത്</u>

2016-17 ലെ വാർഷിക പദ്ധതി ഭേദഗതി അനുവദിച്ചിരുന്നത് 27.03.2017 വരെ ആയിരുന്നു. എന്നാൽ ഇതിനുശേഷം കടയ്ക്കൽ, ചിതറ, വെളിനല്ലൂർ, തഴവ, ഉമ്മന്നൂർ എന്നീ ഗ്രാമ പഞ്ചായത്തുകളും കൊട്ടാരക്കര മുനിസിപ്പാലിറ്റിയും വാർഷിക പദ്ധതി ഭേദഗതിക്കായി സമർപ്പിച്ചിട്ടുണ്ട്. ഈ തദ്ദേശഭരണ സ്ഥാപനങ്ങളുടെ വാർഷിക പദ്ധതി ഭേദഗതി അനുവദിക്കണമെന്ന് സംബന്ധിച്ച്.

***<u>തീരുമാനം</u>*** – പൊതുതീരുമാനം ഖണ്ഡിക 1 ബാധകമാണ്.

(നടപടി – തദ്ദേശസ്വയംഭരണ (ഡിബി) വകുപ്പ് )

### 3.3 <u>കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടറുടെ 24.04.2017 ലെ KA1 CO/HO/Tech/ Depository Agency / 18-ാം നമ്പർ കത്ത്.</u>

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി നിർവ്വഹണത്തിൽ കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ ലിമിറ്റഡിനെ(കെയ് കോ) ഡിപ്പോസിറ്ററി ഏജൻസി ആക്കണമെന്നതു സം ബന്ധിച്ച്.

***<u>തീരുമാനം</u>***- നിരസിച്ചു. സംസ്ഥാന ഗവർമെന്റിന്റെ മാനദണ്ഡമനുസരിച്ച് നിർവഹണ ഏജിൻസിയായി തുടരാവുന്നതാണ്.

(നടപടി – തദ്ദേശസ്വയംഭരണ (ഡിബി) വകുപ്പ് )

**3.4 2017 – 18 വാർഷികപദ്ധതി നിർവഹണത്തിനായി പുതിയതായി ഉൾപ്പെടുത്തിയ താഴെ പറയുന്ന ഉദ്യോഗസ്ഥന്മാർക്ക് DDO Code അനുവദിക്കാൻ ധനകാര്യ വകുപ്പിനോടാവശ്യപ്പെടാൻ തീരുമാനിച്ചു.**

| ഉദ്യോഗസ്ഥന്റെ തസ്തിക | | തദ്ദേശഭരണ സ്ഥാപനം |
|---|---|---|
| ഡെപ്യൂട്ടി സെക്രട്ടറി | – | മുനിസിപ്പാലിറ്റി & കോർപ്പറേഷൻ |
| അഡീഷണൽ സെക്രട്ടറി | – | മുനിസിപ്പാലിറ്റി & കോർപ്പറേഷൻ |
| തദ്ദേശസ്വയംഭരണ വകുപ്പ് അസിസ്റ്റന്റ് എഞ്ചിനീയർ | – | മുനിസിപ്പാലിറ്റി & കോർപ്പറേഷൻ |
| തദ്ദേശസ്വയംഭരണ വകുപ്പ് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | – | മുനിസിപ്പാലിറ്റി , കോർപ്പറേഷൻ & ജില്ലാ പഞ്ചായത്ത് |
| തദ്ദേശസ്വയംഭരണ വകുപ്പ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | – | കോർപ്പറേഷൻ |
| ഹെൽത്ത് ഇൻസ്പെക്ടർ | – | മുനിസിപ്പാലിറ്റി & കോർപ്പറേഷൻ |
| ഹെൽത്ത് സൂപ്പർവൈസർ | – | മുനിസിപ്പാലിറ്റി & കോർപ്പറേഷൻ |
| അസിസ്റ്റന്റ് ഹെൽത്ത് ആഫീസർ | – | കോർപ്പറേഷൻ |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | – | കോർപ്പറേഷൻ |

(നടപടി – തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ് )

3.5 **കോഴിക്കോട് ജില്ലാ പഞ്ചായത്ത് പ്രസിഡന്റിന്റെ 24.03.2017 ലെ പി2/4874/16–ാം നമ്പർ കത്ത്..**

കോഴിക്കോട് ജില്ലാ പഞ്ചായത്തിന്റെ മാലിന്യ സംസ്കരണ പ്രോജക്ടുകൾക്ക് സാങ്കേതിക അനുമതി നൽകുന്നതിന് താഴെ പറയുന്നവരെ ഉൾപ്പെടുത്തി കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. ഇതിനു അംഗീകാരം നൽകണമെന്ന് ആവശ്യപ്പെട്ടിരിക്കുന്നു.

1) എക്സിക്യൂട്ടീവ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്, കോഴിക്കോട്
2) അസി.എക്സിക്യൂട്ടീവ് എഞ്ചിനീയർ, മെക്കാനിക്കൽ വിഭാഗം – പൊതുമരാമത്ത് വിഭാഗം– കോഴിക്കോട്
3) എൻ.ഐ.റ്റി. കോഴിക്കോട്– എൻവയർൺമെന്റ് വിഭാഗം മേധാവി
4) ബന്ധപ്പെട്ട വകുപ്പിലെ ജില്ലാ മേധാവി
5) സെക്രട്ടറി, ജില്ലാ പഞ്ചായത്ത്
6) എക്സിക്യൂട്ടീവ് എഞ്ചിനീയർ, കേരള വാട്ടർ അതോറിറ്റി, കോഴിക്കോട്

**തീരുമാനം** – അംഗീകാരം നൽകുന്നു. തദ്ദേശസ്വയംഭരണ വകുപ്പ് എക്സിക്യൂട്ടീവ് എഞ്ചിനീയറെ കൺവീനർ ആയി നിശ്ചയിക്കേണ്ടതാണ്.

(നടപടി – തദ്ദേശസ്വയംഭരണ (ഡി.സി) വകുപ്പ് )

യോഗം ഉച്ചകഴിഞ്ഞ് 1 മണിക്ക് അവസാനിച്ചു.

**<u>യോഗത്തിൽ  പങ്കെടുത്തവർ</u>**

1 ശ്രീ. ടി.കെ. ജോസ്, പ്രിൻസിപ്പൽ സെക്രട്ടറി , തദ്ദേശസ്വയംഭരണ വകുപ്പ്
2 ഡോ. കെ.എൻ. ഹരിലാൽ, മെമ്പർ സ്റ്റേറ്റ്പ്ലാനിംഗ് ബോർഡ്
3 ശ്രീ. എം.എസ്.നാരായണൻ നമ്പൂതിരി, ജോയിന്റ് ഡയറക്ടർ, പഞ്ചായത്ത്
4 ശ്രീ. എസ്. ദിവാകരൻ പിള്ള, എസ്.പി.എ.ഒ
5 ശ്രീ. എ.കെ. മോഹനകുമാർ, ജെ.എസ്, തദ്ദേശസ്വയംഭരണ വകുപ്പ്
6 ശ്രീ. വി.എസ്. സന്തോഷ്കുമാർ, അഡീഷണൽ ഡവലപ്മെന്റ് കമ്മീഷണർ
7 ശ്രീ. സി.വി.ജോയി, സുചിത്വമിഷൻ (ഡി.ഓപ്പറേഷൻ)
8 ശ്രീ. പി.ആർ. സജികുമാർ, ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്
9 ശ്രീ.കെ.പി. സാബു, അഡീഷണൽ ഡയറക്ടർ, പഞ്ചായത്ത് ഡയറക്ടറേറ്റ്
10 ശ്രീ. ബി.കെ. ബാലരാജ്, ജെ.ഡി, ഡി.യു.എ
11 ശ്രീ.വി. രാമനാഥൻ
12 ശ്രീ.അനീഷ്. എ, പ്രോജക്റ്റ് മാനേജർ, ഐ.കെ.എം
13 ശ്രീമതി കാഞ്ചന, ഡി.എസ്, ഫിനാൻസ് ഡിപ്പാർട്ടമെന്റ്
14 ശ്രീമതി പി. ശോഭന, അഡീഷണൽ സെക്രട്ടറി, എസ്.റ്റി.ഡി.ഡിപ്പാർട്ടമെന്റ്
15 ശ്രീ. രഘുനാഥൻ, എഫ്.ഒ., അർബൻ ഓഫീസർ
16 ശ്രീ. കെ. രാജു, ജോയിന്റ് ഡയറക്ടർ സ്റ്റേറ്റ് ഓഡിറ്റ് ഡിപ്പാർട്ടമെന്റ്
17 ശ്രീ. റ്റി. സുരേഷ് ബാബു. എസ്.ആർ.ജി. മെമ്പർ.